കേരള സർവകലാശാല

നം.പി.ആർ.218/2019 ഫോൺ: 2305738

# പത്രക്കുറിപ്പ്

## പുതുക്കിയ പരീക്ഷാതീയതി

2019 ഒക്ടോബർ 21 ന് നടത്താനിരുന്ന അവസാന വർഷ ബി.എസ്.സി (ആന്വൽ സ്കീം – സപ്ലി മെന്ററി) ഡിഗ്രി പരീക്ഷയുടെ Paper VIII – Elective – Graph Theory എന്ന പേപ്പർ ഒക്ടോബർ 23 ലേക്കും എട്ടാം സെമസ്റ്റർ Five year MBA (Integrated/Integrated BM/MAM) ഡിഗ്രി പരീക്ഷയുടെ DDCM 803 – Performance Management (842) എന്ന പേപ്പർ ഒക്ടോബർ 28 ലേക്കും രണ്ടാം വർഷ ബി.എ (ആന്വൽ സ്കീം – സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയുടെ Indian History from 1857 – 1964 with Map (2005 Admission) & (2007 Admission), Abnormal Psychology, Public Administration, History of India (Medieval & Modern Periods), History of Travel and Tourism in India എന്നീ പേപ്പറുകൾ ഒക്ടോബർ 29 ലേക്കും അവസാന വർഷ ബി.കോം (ആന്വൽ സ്കീം – സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയുടെ Paper XIV – Management Accounting എന്ന പേപ്പർ നവംബർ 7 ലേക്കും മാറ്റിയിരിക്കുന്നു. പരീക്ഷാകേന്ദ്രങ്ങൾക്കും സമയത്തിനും മാറ്റമില്ല.

## പ്രാക്ടിക്കൽ

നാലാം സെമസ്റ്റർ സി.ബി.സി.എസ് ബി.എസ്.സി ബോട്ടണി (2017 അഡ്മിഷൻ റെഗുലർ, 2016 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2014 & 2013 അഡ്മിഷൻ സപ്ലിമെന്ററി) പ്രാക്ടിക്കൽ ഒക്ടോബർ 21, 22, 23 എന്നീ തീയതികളിൽ നിന്ന് യഥാക്രമം ഒക്ടോബർ 22, 23, 24 എന്നീ തീയതികളിൽ നടത്തുന്നതാണ്.

## അസൈൻമെന്റ്, കേസ് അനാലിസിസ്

അസൈൻമെന്റ്, കേസ് അനാലിസിസ് സമർപ്പിക്കാത്ത 2017–18, 2018–19 ബാച്ച് ഒന്നും രണ്ടും സെമസ്റ്റർ യു.ജി/പി.ജി വിദ്യാർത്ഥികൾ ഇവ ഒക്ടോബർ 29 ന് പാളയം വിദൂരവിദ്യാഭ്യാസ കേന്ദ്ര ത്തിൽ അതാത് കോ – ഓർഡിനേറ്റർക്ക് സമർപ്പിക്കാവുന്നതാണ്. ഇനിയൊരവസരം ഉണ്ടായിരിക്കു ന്നതല്ല.

## പരീക്ഷാഫലം

2019 ജൂണിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.എ (എഫ്.ഡി.പി. സി.ബി.സി.എസ് (മേഴ്സി ചാൻസ് – 2010, 2011 അഡ്മിഷൻ, സപ്ലിമെന്ററി – 2012 അഡ്മിഷൻ)) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 30 വരെ അപേക്ഷിക്കാം. 2019 ജൂണിൽ നടത്തിയ മൂന്നാം സെമസ്റ്റർ സി.ബി.സി.എസ് ബി.എസ്.സി (2010 & 2011 അഡ്മിഷൻ മേഴ്സിചാൻസ്, 2012 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണ യത്തിന് ഒക്ടോബർ 30 വരെ അപേക്ഷിക്കാം.

വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## മാർക്ക് അപ്‌ലോഡ് ചെയ്യാം

സർവകലാശാലയുടെ എം.ഫിൽ പ്രവേശന പരീക്ഷ എഴുതുകയും ഇന്റർവ്യൂവിന് ഹാജരാകുകയും ചെയ്ത വിദ്യാർത്ഥികൾ അവരുടെ ബിരുദാനന്തര ബിരുദ പരീക്ഷയുടെ മാർക്കുകൾ ഒക്ടോബർ 20 വരെ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യാവുന്നതാണ്.

**തിരുവനന്തപുരം.**
18.10.2019

പബ്ലിക് റിലേഷൻസ് ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**